# കന്നടമണ്ണിലേക്ക് ഇത്രയും ദൂരം

സുസ്മേഷ് ചന്ത്രോത്ത്

(കർണാടകത്തിലൂടെ ആദ്യമായി ഒരു യാത്ര നടത്തി. യാത്ര കഴിഞ്ഞെത്തിയപ്പോൾ കൂടെ കൊണ്ടുപോയ ചെറിയ സഞ്ചി ഒന്നു ചൊരിയുകയാണിവിടെ. കല്ല്, മുള്ള്, പൂവ്, പ്ലാസ്റ്റിക്, കടലാസ്, കുങ്കുമം, വിസിറ്റിംഗ് കാർഡുകൾ തുടങ്ങി പലതും കിട്ടിയിരുന്നു. അതിനാൽ കഥ പറയുംപോലെ ഒരു യാത്രയെ അഴിക്കാൻ വിനീതമായി ശ്രമിക്കുന്നു.)

കുന്ദാപുരം റെയിൽവേസ്റ്റേഷൻ. പുലർച്ചെ നാലര. മെയ് 11-ശനി.

ഇരുട്ടിലും തലേന്നത്തെ മഴയുടെ കെട്ടിലും പിടുത്തം വിടാതെ കുളിര് മൂടിയ ഒരിത്തിരി നീളം വിജനത. വണ്ടിയിൽ നിന്ന് അവിടെ ഇറങ്ങാൻ ഏതാനും പേരെ ഉണ്ടായിരുന്നുള്ളു. തല മൂടിപുതച്ച സ്ത്രീകളും ഭാരം കൂടിയ ബാഗുകൾ ഏറ്റിയ പുരുഷൻമാരും ഒരു സ്വപ്നത്തിലെന്നതുപോലെ പുക ചുറ്റിയ കണ്ണുകളോടെ നിൽക്കുന്നുണ്ട്. കുട്ടികൾ പോലും നിശബ്ദരായിരിക്കുന്നു.

ഞാനും സുഹൃത്ത് രാജഗോപാലും തലേന്ന് മദ്ധ്യാഹ്നം കഴിഞ്ഞ് തീവണ്ടിയിൽ കയറിപ്പറ്റിയതായിരുന്നു. തീർത്ഥാടനമെന്നോ അടിപൊളി ട്രിപ്പെന്നോ വിളിക്കാവുന്ന ഒരു തരം സഞ്ചാരത്തിന്റെ ചുമട് ഞങ്ങളും എടുത്തിരുന്നു. ഉറക്കം പൊട്ടിത്തീരാത്ത സന്ധികൾ മുറുക്കി കാലുകൾ വലിച്ചിഴച്ച് സ്റ്റേഷന്റെ ഏകാന്തതയിലൂടെ പുറത്തേക്ക് കടക്കുമ്പോൾ നിഗൂഢമായ ഒരാഹ്ലാദത്തോടെ ഞാൻ മഴവെള്ളത്തിന്റെ തണുപ്പറിഞ്ഞു.

രാജഗോപാലിന്റെ കൈയിൽ അമർത്തിപ്പിടിച്ച് ഞാൻ തലയുയർത്തിനോക്കി. കേരളത്തിൽ കാണുന്നപോലെ ആകാശം ചുരുണ്ടു കിടന്നുറങ്ങുന്നു. ഞങ്ങളുടെ ലക്ഷ്യം കൊല്ലൂരിലെ മൂകാംബികാ ക്ഷേത്രമാണ്. പിന്നെ കടജാദ്രി, ശേഷം കഴിയുന്നിടത്തോളം കർണാടകം കാണണം. പുറത്ത് വെളിച്ചമുണ്ട്. പിൻഭാഗം വീർത്ത ഓട്ടോറിക്ഷകൾ നിരയൊപ്പിച്ച് കിടക്കുന്നു. മഴ പെയ്യുന്നില്ലെങ്കിലും പെയ്യുകയായിരുന്നുവെന്നതിന്റെ അടയാളങ്ങൾ വേണ്ടുവോളമുണ്ടായിരുന്നു. എന്തു ചെയ്യണം? എവിടെനിന്നാണ് കൊല്ലൂരിലേക്കു ബസ്സ് കിട്ടുക? ആരോടും ഒന്നും തിരക്കിയിരുന്നില്ല. മുൻപൊരിക്കൽ ഉഡുപ്പി വരെയെത്തി ചുട്ടുപനിപ്പോളുകളുമായി അവശനായി യാത്ര മതിയാക്കി പോയതിന്റെ വിദൂരമായ ഒരോർമ്മ മാത്രമേ രാജഗോപാലിനുള്ളൂ.

**യാത്രാസഞ്ചി**

അപ്പോഴൊരാൾ ഞങ്ങളെ വിളിച്ചു. നീല ജീൻസിട്ട് നല്ല ഉയരമുള്ള സുമുഖനായ സമപ്രായക്കാരൻ. അയാൾ മലയാളത്തിൽ ചോദിച്ചു.

"നിങ്ങൾ ബസ്സ്റ്റാന്റിലേക്കാണെങ്കിൽ നമുക്ക് ഒന്നിച്ച് പോകാം. ആൾക്കൊന്നിന് അപ്പോൾ പതിനഞ്ച് രൂപയേ ചെലവു വരൂ."

ഞങ്ങൾ പരസ്പരം നോക്കി. ഞാൻ കാണുന്നത് എന്റെ സുഹൃത്തിന്റെയോ അപരിചിതനായ ആ സ്നേഹിതന്റേയോ മുഖമല്ല. മറ്റാരുടേയോ. ഇരുളിനും വെളിച്ചത്തിനുമിടയിൽ ദൂരെയിരിക്കുന്ന ആരുടേയോ മുഖം. അതിനുമേൽ നേർത്ത മഴ പൊടിയുന്നു. കന്നട ഭാഷയുടെ ഉറ കത്തിവീഴുന്നു. ഞങ്ങൾ ആ ഓട്ടോയിൽ പോകാൻ തീരുമാനിച്ചു. റെയിൽവേസ്റ്റേഷനിൽ നിന്നും പുറത്തേയ്ക്കുള്ള പാതയിലൂടെ ഓട്ടോ നീങ്ങി. പുറത്ത് അരണ്ട വെളിച്ചം ചൂടി ചില മരങ്ങൾ. മാറത്ത് കൈകെട്ടി നിൽക്കുന്ന വീടുകൾ. ചാരിവെച്ച സൈക്കിൾ പോലെ ചില കടകൾ. വണ്ടിക്കുള്ളിൽ മദ്യത്തിന്റെ കൊട്ടും ഗന്ധവുമായി അപരിചിതനായ മലയാളി സുഹൃത്തും രാജഗോപാലും ധാരാളമായി സംസാരിക്കുന്നു. ഞാൻ നിശ്ശബ്ദനായിരുന്ന് പുറംദൃശ്യങ്ങൾ ആർത്തിയോടെ കണ്ടു.

കുന്ദാപുരത്തു നിന്നും ബസ്സ്റ്റാൻഡ് സ്ഥിതി ചെയ്യുന്ന ശാസ്ത്രിനഗർ വരെ ഞങ്ങൾ ഓട്ടോയിലെത്തി. ഇതിനകം വിശദമായി പരിചയപ്പെട്ട ഞങ്ങളുടെ സഹയാത്രികൻ കോട്ടയംകാരൻ കൃഷ്ണചന്ദ്രന്റെ നിർദ്ദേശപ്രകാരം ഞങ്ങൾ ശാസ്ത്രിനഗറിലെ കവലയിൽ കൊല്ലൂരിന് പോകാനെത്തുന്ന ബസ്സ് കാത്ത് സിമന്റ് ബെഞ്ചിലിരുന്നു. തെരുവുവിളക്കുകളുടെ വെളിച്ചത്തിൽ ലാൽബഹദൂർ ശാസ്ത്രിയുടെ പ്രതിമ ഞങ്ങൾക്കു മുന്നിൽ. മംഗലാപുരത്തേയ്ക്കു പോകുന്ന ബസുകൾ ഇടയ്ക്കിടെ അവിടെ നിർത്തി പൊയ്ക്കൊണ്ടിരുന്നു. മൂന്നു റോഡുകളുടെ ആ സംഗമസ്ഥലത്ത് ഒരു തട്ടുകടയുണ്ടായിരുന്നു. പുലർവെട്ടം തീർത്തും വിട്ടിട്ടില്ല. പക്ഷേ മുതിർന്ന പെൺമക്കളുമായി ചില സ്ത്രീകൾ തനിയെ ബസിറങ്ങി അവിടെ വേറെ ബസ്സ് കാത്തുനിൽക്കുന്നത് കാണാനായി. ഞാൻ വിസ്മയിക്കാതിരുന്നില്ല. മറച്ചുപിടിക്കാതെ അതു ചോദിച്ചപ്പോൾ കൃഷ്ണപ്രസാദ് അവിടുത്തെ രീതികൾ പറഞ്ഞുതരികയും ചെയ്തു. അയാൾക്ക് കേരളത്തോട് കടുത്ത പുച്ഛമാണ്. കർണ്ണാടകസ്ത്രീകളുടെ ധൈര്യത്തെ പറ്റിയും ജനങ്ങളുടെ ജീവിതരീതിയെപ്പറ്റിയും കാർഷികനേട്ടങ്ങളെപ്പറ്റിയും കേരളീയരേയും സ്വന്തം ജീവിതാനുഭവങ്ങളേയും താരതമ്യപ്പെടുത്തിയും ഏറെ സംസാരിച്ചു. കേരളത്തിനു പുറത്തു കടക്കുന്ന ഏതൊരു വ്യക്തിയേയും പോലെതന്നെയായിരുന്നു അയാളും. അത്ഭുതം തോന്നിയില്ല. കുറച്ചൊരാദരവ് തോന്നുകയുമുണ്ടായി. കാരണം മണ്ണുത്തി കാർഷികസർവ്വകലാശാലയിൽ നിന്ന് ബിരുദം നേടി പുറത്തിറങ്ങിയ അയാൾ ഇന്ന് കർണ്ണാടകത്തിൽ കുറച്ച് ഭൂമി വാങ്ങി രാമച്ചം കൃഷി ചെയ്ത് പണമുണ്ടാക്കുകയാണ്. കൂടാതെ മറ്റുവിളകളും. മൂവായിരത്തിലഞ്ഞൂറിലധികം ഓർക്കിഡുകൾ അയാളുടെ ഫാമിലുണ്ടെന്നും പലതും ഈ വനാന്തരങ്ങളിൽ നിന്നും അയാൾ ശേഖരിച്ചതാണെന്നും അവകാശപ്പെട്ടു. ഇപ്പോൾ വാനിലകൃഷി ഈ മണ്ണിനു ചേരുമോ എന്നു പരീക്ഷിക്കുകയാണത്രെ.



സ്വന്തം മണ്ണിൽ കൈ നനയാതെ മീൻ പിടിക്കാൻ ശ്രമിച്ച് നിവൃത്തിയില്ലാതായാൽ മറുനാട്ടിലെ ചേറിലും ചെളിയിലും സേഠിന്റെ ആസനത്തിലും കൈയിട്ട് കാശുണ്ടാക്കുക എന്നതാണ് മലയാളിയുടെ നയം. കൃഷ്ണപ്രസാദ് അക്കാര്യത്തിൽ വ്യത്യസ്തനാകുന്നില്ലെങ്കിലും എവിടെയൊക്കെയോ മറ്റു ചില കേമത്തങ്ങൾ തോന്നിച്ചു. അതോടൊപ്പം പിന്നീട് ശരിയാണെന്നു തോന്നിച്ച ഒരു 'പന്തികേടും' അനുഭവപ്പെടുകയുണ്ടായി. അതിനാൽ സൂക്ഷ്മമായി ശ്രദ്ധിക്കുകയാണെന്നു ഭാവിക്കാതെ അയാളെ ശ്രദ്ധിക്കുമ്പോഴാണ് മറ്റൊരാൾ അടുത്ത ബെഞ്ചിലേക്കു വന്നിരുന്നത്. വളരെ പ്രായം ചെന്ന്, നരച്ച മുടിയും മീശയുമുള്ള മെലിഞ്ഞ ഒരാൾ. പാളത്താറ് പോലെ മുണ്ടുടുത്തിരിക്കുന്നു. ഹസ്തരേഖാ വിദഗ്ധൻമാർ സൂക്ഷിക്കുന്നതു പോലെയുള്ള ഒരു ബാഗുമുണ്ട് കൈയിൽ.

കെട്ടിക്കിടക്കുന്ന വെള്ളത്തിനടുത്ത് ഒരു നായ ഉറങ്ങിക്കിടക്കുന്നു. തടിച്ച സുന്ദരിയായ ഒരു സ്ത്രീ ശാസ്ത്രിയുടെ പ്രതിമയ്ക്കു താഴെ കുത്തിയിരുന്ന് ഉറക്കം തൂങ്ങുന്നു. കൃഷ്ണപ്രസാദ് സൈക്കിളിലെത്തിയ പ്രഭാതപത്രങ്ങൾ വാങ്ങാൻ പോയി. പെട്ടന്നാണ് ഒരു കലപിലയുയർന്നത്. മുൻപുകണ്ട വൃദ്ധൻ ഏതോ ബസുയാത്രക്കാരോട് ഒച്ചയുണ്ടാക്കുകയാണ്. കുറച്ചുകഴിഞ്ഞ് കൃഷ്ണപ്രസാദ് അയാളുമായി സംസാരിച്ച് കാര്യങ്ങൾ മനസ്സിലാക്കി. അയാൾ അറുപത്തിമൂന്നിൽ എം.എ. കഴിഞ്ഞ് എന്തോ പി. എച്ച്. ഡിയുമെടുത്ത ആളാണ്. പേര് : മോഹൻദാസ് ആചാരി. ജോലി :കല്യാണവീടുകളിൽ ക്ഷണിക്കാതെ ചെന്ന് സദ്യയുണ്ണുക. അതായത് തെണ്ടുക. അറിയാവുന്ന ഭാഷകൾ : ഒൻപത്. മൂക്കിലൂടെ പുകയെടുത്ത് വായിലൂടെ നിറച്ച് പുറത്തേയ്ക്കു തള്ളുന്ന ആ രൂപത്തെ നോക്കി ഞാൻ പകച്ചിരുന്നു.

(തുടരും)